DESPATCHED
On..3..1..2022

10.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 685*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3619**/*എസ്.ഐ.സി-ജി 6/2014)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഗോപി ചക്കുന്നത്ത്
S/o നാരായണി അമ്മ,
ഗോപികാസ്, ചേലക്കര.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
ചേലക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.11.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.12.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.12.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17.02.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.03.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.03.2014 |
| ഹിയറിംഗ് നടന്ന തീയതി | 05.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഗോപി ചക്കുന്നത്ത്, 04.03.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 10.03.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.685(7)/14/SIC ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2.അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജി ക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമ ല്ലെന്നും ടിയാന് വ്യക്തവും പൂർണ്ണവുമായ മറുപടി ലഭ്യമാക്കണമെന്നുമാ ണ്.

3.അപ്പീൽ ഹർജിക്കാരൻ 28.11.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 01/01/2008 മുതൽ 04/02/2011വരെ KMBR നിയമപ്രകാരം എത്ര അപേ ക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ടി അപേക്ഷകളിൽ എത്ര എണ്ണം അനുവദിച്ചിട്ടു ണ്ടെന്നും എത്ര എണ്ണം KMBR ചട്ടങ്ങളിലെ പഞ്ചായത്ത് രാജ് നിയമത്തിലെ 220b അടക്കമുള്ള വകുപ്പിൽ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര എണ്ണം ന്യൂനത പരിഹരിച്ച് തിരികെ സമർപ്പിച്ചിട്ടുണ്ടെന്നും എത്ര എണ്ണം അനുവദിച്ചിട്ടുണ്ടെന്നും എത്ര എണ്ണം ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ടെന്നും എത്ര എണ്ണത്തിൽ കെട്ടിടം പൊളിച്ച് നീക്കിയിട്ടുണ്ടെന്നും മേൽപ്പടി അപേക്ഷ നമ്പറുകൾ, അപേക്ഷകരുടെ പേരു വിവരങ്ങൾ, അപേക്ഷകളുടെ തീയതികൾ, അനുവദിച്ച തീയതികൾ, ന്യൂന തയുള്ളതായി കണ്ട് അപേക്ഷ നിരസിച്ച തീയതികൾ, ന്യൂനത പരിഹരിച്ച് പുനർസമർപ്പിച്ച തീയതികൾ, ക്രമവൽക്കരിച്ച തീയതികൾ, പൊളിച്ചുമാറ്റാൻ നോട്ടീസ് കൊടുത്ത തീയതികൾ, പൊളിച്ചു നീക്കിയ തീയതികൾ എന്നീ വിവര ങ്ങൾ നൽകണമെന്നും

2) മേൽപ്രകാരം ക്രമവൽക്കരിച്ച അപേക്ഷകളുടെ വിശദവിവരങ്ങളും ക്രമ വൽക്കരിക്കാനുള്ള മാനദണ്ഡങ്ങളും എന്തായിരുന്നു എന്ന വിവരങ്ങളും നൽക ണമെന്നും തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 20.12.2013ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 17.02.2014ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ ഇരുകക്ഷികളേയും നേരിൽ കേൾക്കുന്നതാണെന്ന നോട്ടീസ് മുൻകൂർ നൽകിയതനുസരിച്ച് 17.01.2014ന് ടി ഓഫീസിൽവച്ച് നടത്തിയ നേർവിചാരണയിൽ ഇരുകക്ഷികളും ഹാജരായിരുന്നുവെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ 5 ചോദ്യങ്ങളാണ് ഉൾപ്പെട്ടിരുന്നതെന്നും ആയതിന് എസ്.പി.ഐ.ഒ. 20.12.2013ന് നൽകിയ മറുപടിയിൽ ടിയാന്റെ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടിയായി ആവശ്യപ്പെട്ട കാലയളവിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം നൽകിയിട്ടുണ്ടെന്നും എന്നാൽ ബാക്കിയുള്ള ചോദ്യങ്ങൾക്ക് മറുപടിയായി വിവരങ്ങൾ ക്രോഡീകരിച്ച രൂപത്തിൽ ലഭ്യമല്ലാത്തതിനാൽ നേരിട്ട് ഹജരായി പരിശോധിച്ച് ആവശ്യമായ രേഖകളുടെ വിവരം ശേഖരിക്കാമെന്നും 2 മുതൽ 5വരെയുള്ള ചോദ്യങ്ങൾക്ക് മേൽപ്പടി രീതിയിൽത്തന്നെയാണ് മറുപടി നൽകിയതെന്നും കൂടാതെ എസ്.പി.ഐ.ഒ.യുടെയും ടിയാന്റെ കുടുംബവുമായി വൈരാഗ്യം നിലനിൽക്കുന്നതിനാൽ ടിയാൾ പ്രതികാരബുദ്ധിയോടുകൂടി ടിയാനോട് പെരുമാറുകയാണെന്നും അധികാര ദുർവിനിയോഗം ചെയ്യുന്ന എസ്.പി.ഐ.ഒ.യ്തിരെ നിയമനടപടി സ്വീകരിച്ച് ടിയാന് വിവരാവകാശ നിയമപ്രകാരം ലഭിക്കേണ്ട വിവരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും ഹർജിക്കാരൻ നേർവിചാരണയിൽ ബോധിപ്പിച്ചു. കൂടാതെ ടിയാന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം പൊളിച്ചു മാറ്റാൻ അന്യായമായി നോട്ടീസ് നൽകി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അധികാര ദുർവിനിയോഗം നടത്തുകയാണെന്നും കൂടി ഹർജിക്കാരൻ ബോധിപ്പിച്ചുവെന്നുമാണ്. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചിരുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ 2008 മുതൽ കെട്ടിട നിർമ്മാണ അപേക്ഷകളുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുന്നതിന് 5 ചോദ്യങ്ങൾ അടങ്ങിയ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ടി വിവരങ്ങൾ അസംഖ്യം ഫയലുകളുമായി ബന്ധപ്പെട്ടതായതിനാൽ ആയത് ക്രോഡീകരിച്ച് നൽകുന്നതിന് അപ്രകാരം രേഖകൾ ഓഫീസിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടിയാന് ആവശ്യമുള്ള വിവര

ങ്ങൾ നേരിൽ ഹാജരായി പരിശോധിച്ച് ആവശ്യമുള്ള രേഖകളുടെ പകർപ്പ് ശേഖരിക്കാവുന്നതാണെന്ന് കാണിച്ച് 20.12.2013ന് രജിസ്റ്റേർഡ് തപാലായി മറുപടി നൽകിയിരുന്നുവെങ്കിലും ടിയാൻ നേരിൽ ഹാജരായി രേഖകൾ പരിശോധിക്കുകയോ രേഖകൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല എന്ന് ബോധിപ്പിച്ചുവെന്നും കൂടാതെ ഹർജിക്കാരൻ ആരോപിക്കുംപോലെ ഹർജിക്കാരനും എസ്.പി.ഐ.ഒ.യും തമ്മിൽ വ്യക്തിപരമായ വിരോധമോ പരിചയമോ പോലും ഇല്ലാത്തതാണെന്നും ടി അപേക്ഷയിൽ എസ്.പി.ഐ.ഒ. എന്ന നിലയിൽ സ്വീകരിക്കേണ്ട നടപടി ഒരു വിവേചനവും കൂടാതെ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് ബോധിപ്പിച്ചത്. കൂടാതെ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയുടെ പകർപ്പും ആയതിന് എസ്.പി.ഐ.ഒ. നൽകിയ മറുപടിയുടെ സംഗ്രഹവും അപ്പിൽ ഹർജിയിൽ സൂചിപ്പിച്ചിരുന്നുവെന്നും ടിയാന്റെ അപേക്ഷയിൽ 5 ചോദ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതന്നും എല്ലാ ചോദ്യങ്ങൾക്കും ധാരാളം ഉപചോദ്യങ്ങളുമുണ്ടെന്നും 5-ാമത്തെ ചോദ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെങ്കിലും എസ്.പി.ഐ.ഒ. സമയബന്ധിതമായിത്തന്നെ മറുപടി നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഏകദേശം 1200 ഫയലുകളുമായി ബന്ധപ്പെട്ടതാണെന്ന് എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയ്ക്ക് ബോധ്യപ്പെട്ടു. ഹർജിക്കാരൻ ആവശ്യപ്പെട്ടത് വളരെ ബൃഹത്തായ വിവരങ്ങളായതിനാൽ ആവശ്യമായ രേഖകളുടെ പകർപ്പ് ഓഫീസിൽ ഹാജരായി പരിശോധിച്ച് ശേഖരിക്കാവുന്നതാണെന്ന് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമാണെന്ന് അപ്പീൽ അധികാരി നിരീക്ഷിക്കുകയും ഹർജിക്കാരൻ അപ്പീൽ ഹർജിയിൽ ബോധിപ്പിച്ച എസ്.പി.ഐ.ഒ.യ്ക്കുള്ള വ്യക്തിവിരോധം സംബന്ധിച്ച കാര്യങ്ങൾ ടി സ്ഥാപനത്തിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമല്ലെന്നുമാണ്. ടി സാഹചര്യത്തിൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ടിയാന് ആവശ്യമായ കാലയളവിലെ വിവരങ്ങൾ നേരിൽ ഹാജരായി സൗജന്യമായി പരിശോധിക്കുന്നതിന് സൗകര്യം നൽകണമെന്നും ആവശ്യമായ പകർപ്പ് നിയമാനുസരണം നൽകുന്നതിനും എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകകക്ഷിയെ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള വിശദമായ മറുപടിയും ടിയാൻ ആവശ്യപ്പെട്ട പകർപ്പുകളും അടിയന്തിര മായി ലഭ്യമാക്കുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകണമെ ന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ കമ്മീഷനിൽ സമർപ്പിക്കണെ മെന്നും പകർപ്പ് ഹർജിക്കാരന് അയച്ചു കൊടുക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 10–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION * KERALA THIRUVANANTHAPURAM *